(ബി)

1. പട്ടികജാതിക്കാരുടെ പൗരാവകാശം സംരക്ഷിക്കുന്നതിനെക്കുറിച്ചും പൗരാവകാശ സംരക്ഷണം നടപ്പാക്കേണ്ടതു സംബന്ധിച്ചും ഗ്രാമ/ബ്ലോക്ക്/ജില്ലാ/പഞ്ചായത്തുതലത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

2. പട്ടികജാതിക്കാർക്കെതിരെ തൊട്ടുകൂടായ്മ പുലർത്തുന്നതിന് എതിരെയുള്ള ഡോക്യുമെന്ററികൾ നിർമ്മിക്കുക.

3. മിശ്ര വിവാഹിതരായ ദമ്പതികൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം നൽകുക.

4. ക്ഷേത്രപ്രവേശന വിളംബരാഘോഷങ്ങൾ സംഘടിപ്പിക്കുക.

5. പട്ടികജാതിക്കാരായ സാഹിത്യകാരന്മാരുടെ തെരഞ്ഞെടുക്കപ്പെട്ട സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുന്നതിനു ധനസഹായം അനുവദിക്കുക.

6. പട്ടികജാതിയിലേയും ഇതര വിഭാഗങ്ങളിലേയും സാഹിത്യകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് സാഹിത്യ ശിൽപ്പശാല നടത്തുക.

7. സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണത്തിന്റെ ഭാഗമായി പ്രദർശന വിപണനമേളയും ജാഥകളും സംഘടിപ്പിക്കുക.

(സി) പദ്ധതി പ്രവർത്തനങ്ങൾ മുമ്പത്തേക്കാളും വിപുലമായും ഊർജ്ജിതമായും നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) ഈ വർഷത്തെ ബഡ്ജറ്റിൽ ടി പദ്ധതിക്ക് 235 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മുൻവർഷം ഈയിനത്തിൽ വകയിരുത്തിയ തുക ലാപ്സായിട്ടില്ല. 2002-03 വർഷത്തെ ബഡ്ജറ്റിൽ ഈയിനത്തിൽ വകയിരുത്തിയിരുന്ന 115 ലക്ഷം രൂപയിൽ 77 ലക്ഷം രൂപ ചെലവഴിക്കുകയും മിച്ചം വന്ന തുക ഇതര പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി വന്ന അധിക ആവശ്യം നിറവേറ്റുന്നതിനായി പുനഃക്രമീകരണം വഴി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ടൂറിസം വികസനത്തിന്റെ ഭാഗമായി മോഡൽ റോഡുകളുണ്ടാക്കാൻ നടപടി

7 (*186) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി മോഡൽ റോഡുകളുണ്ടാക്കുവാൻ ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എവിടെയെല്ലാം ;

(സി) എത്ര കിലോമീറ്റർ മോഡൽ റോഡുകൾ നിർമ്മിക്കുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :സർ,

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്.

(സി) 1. തിരുവനന്തപുരം - 6 കിലോമീറ്റർ
2. കൊല്ലം - 4 കിലോമീറ്റർ
3. എറണാകുളം - 2.80 കിലോമീറ്റർ
4. തൃശ്ശൂർ - 4.9 കിലോമീറ്റർ
5. കോഴിക്കോട് - 1.66 കിലോമീറ്റർ

ശുദ്ധജല ദൗർലഭ്യം

8 (*187) ശ്രീ. സാജു പോൾ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശുദ്ധജല ദൗർലഭ്യം കാരണം ജനങ്ങൾ ദുരിതമനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശുദ്ധജല ദൗർലഭ്യവും ജലമലിനീകരണവും കാരണം അതിസാരം, കോളറ എന്നീ രോഗങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പടർന്നു പിടിക്കുന്നതായി അറിയാമോ ;

(സി) ശുദ്ധജലക്ഷാമം രൂക്ഷമായിരിക്കുന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) ശുദ്ധജലക്ഷാമം ഏറ്റവും കൂടുതലായി അനുഭവപ്പെടുന്നതായി ഇതിനകം കണ്ടെത്തിയ പ്രദേശങ്ങളേതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഇ) കുടിവെള്ളത്തിനുവേണ്ടി കഷ്ടപ്പെടുന്നവരെ സഹായിക്കാൻ വാട്ടർ അതോറിറ്റി എന്തെല്ലാം മുൻകരുതലുകളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(എഫ്) കുടിവെള്ള പ്രശ്നം രൂക്ഷമായ സാഹചര്യത്തിൽ ചെറുകിട ജലപദ്ധതികൾ കൈവിടാനുള്ള വാട്ടർ അതോറിറ്റിയുടെ നീക്കം നിർത്തി വെയ്ക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly